**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2154** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഗ്രാഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ഗ്രീൻ ഗ്രാഫ് പദ്ധതിയുടെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വനമേഖലകളുടെ പ്രാന്തപ്രദേശങ്ങളിൽ അനധികൃതമായി നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളെ ഫലപ്രദമായി നീക്കം ചെയ്ത് വനങ്ങളുടെ സ്വാഭാവിക അവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുകയെന്നതാണ് -"പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്" പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ജി.ഒ (ആർ.റ്റി) നമ്പർ 406/2018/വനം തീയതി 13.09.2018 പ്രകാരം വനം വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ടാസ്ക്ഫോഴ്സ് രൂപികരിക്കുകയുണ്ടായി. ടി സർക്കാർ ഉത്തരവ് അനുസരിച്ച്, വനത്തിലൂടെ കടന്നു പോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന വനമേഖലകളെ തിരിച്ചറിഞ്ഞ്, 125--ഓളം മാലിന്യ നിക്ഷേപ സ്ഥലങ്ങളെ മാപ്പ് ചെയ്തു. സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ506/2019/വനം തീയതി 24.12.2019 പ്രകാരം മൂന്ന് വർഷത്തേക്ക് (2019-20, 2020-21, 2021-22) പദ്ധതി നടത്തിപ്പിനായി 871.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്,ശുചിത്വ മിഷൻ, ടൂറിസം വകുപ്പ്, പരിസ്ഥിതി വകുപ്പ്;പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്;വൈദ്യുതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2019- 2020 സാമ്പത്തിക വർഷത്തിൽ 20.00 ലക്ഷം രൂപയും, 2020-21 സാമ്പത്തിക വർഷത്തിൽ 121.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ | (സി) | വനസംരക്ഷണ സമിതി/ ഇക്കോ ഡവലപ്പ്മെന്റ് കമ്മറ്റി അംഗങ്ങൾ, വിവിധ സ്കൂളുകളിലേയും |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | കോളേജുകളിലെയും എൻ.എസ്.എസ് വോളയിന്റയർമാർ, എൻ. ജി.ഒ.കൾ എന്നിവർ മുഖേന നേരത്തെ കണ്ടെത്തിയ 125- ഓളം; പ്രധാന മാലിന്യ നിക്ഷേപയിടങ്ങളിൽ ഉൾപ്പെടെ റോഡുകളിലെ മാലിന്യ നിക്ഷേപം നീക്കുകയും, അവിടം വൃത്തിയാക്കി സൂചന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാർ ഡിവിഷനിലെ വനമേഖലയിൽ എക്സ്സർവ്വീസ്മെൻ സൊസൈറ്റിയുടെ സഹായത്തോടെ ആ പ്രദേശങ്ങളിലെ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്തിട്ടുള്ളതാണ്. കൂടാതെ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സഹായത്തോടെ 125-ഓളം പോയിന്റ് കളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുകയും വേർതിരിച്ച് നീക്കം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം വനം വകുപ്പ് വനമേഖലയിൽ നിന്നും 28.02.2021 വരെ 1869 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ